പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 511 — 11.12.2012 ലെ മറുപടിക്ക്

## റോഡ് സുരക്ഷാ അതോറിറ്റി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | റോഡ് സുരക്ഷാ അതോറിറ്റിയുടെ പക്കൽ നിലവിലുള്ള തുക എത്രയാണ് ; | (എ) | 05.12.2012 ലെ കണക്കനുസരിച്ച് 4.89 കോടി രൂപ ലഭ്യമാണ്. |
| (ബി) | അതോറിറ്റി 2011-2012 വർഷം ചെലവഴിച്ച തുക എത്രയാണ്; | (ബി) | ഭരണനിർവ്വഹണത്തിനും, പദ്ധതി നിർവ്വഹണത്തിനുമായി 2011-12 സാമ്പത്തികവർഷം അതോറിറ്റി 25,82,95,568/- രൂപ വിനിയോഗിക്കുകയുണ്ടായി. |
| (സി) | പ്രധാനമായും എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രസ്തുത തുക വിനിയോഗിക്കപ്പെട്ടതെന്ന് വിശദമാക്കുമോ; | (സി) | വിവിധ റോഡു സുരക്ഷാ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ എല്ലാ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കുമായി 1,80,51,000/- രൂപയും, പോലീസ് വകുപ്പിന് 1,16,62,800/- രൂപയും മോട്ടോർ വാഹന വകുപ്പിന് 15,68,34,533/- രൂപയും പൊതുമരാമത്ത് വകുപ്പിന് 3,00,00,000/- രൂപയും വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നാറ്റ്പാക്കിന് 57,82,000/- രൂപയും കെൽട്രോണിന് 2,58,78,275/- രൂപയും ഉൾപ്പടെ മൊത്തം 24,82,08,608/- രൂപ വിനിയോഗിക്കപ്പെട്ടു. |
| (ഡി) | പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് റോഡപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു; | (ഡി) | സ്റ്റേറ്റ് ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്ക് പ്രകാരം 2011 ഏപ്രിൽ മുതൽ 2012 മാർച്ച് വരെ സംസ്ഥാനത്ത് നടന്ന വാഹന അപകടങ്ങളിൽ 4121 പേർ മരണപ്പെട്ടു. |
| (ഇ) | 2012 ഏപ്രിൽ മുതൽ നവംബർ വരെ റോഡപകടങ്ങളിൽ മരണപ്പെട്ടവർ എത്രയാണെന്ന് വെളിപ്പെടുത്തുമോ? | (ഇ) | 2012 ഏപ്രിൽ മുതൽ 2012 ഒക്ടോബർ വരെ നടന്ന റോഡപകടങ്ങളിൽ 2,429 പേർ മരണപ്പെട്ടു. 2012 നവംബർ മാസത്തെ കണക്ക് ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ